പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4712 — 29.06.2012- ൽ മറുപടിയ്ക്ക്

## കോഴി വളർത്തൽ ഗ്രാമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കോഴി വളർത്തൽ ഗ്രാമം പദ്ധതി സംബന്ധിച്ച് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'കോഴിവളർത്തൽ ഗ്രാമങ്ങൾ'' സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം പഞ്ചായത്തുകളിലെ രജിസ്റ്റർ ചെയ്യുന്ന 2500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിയ്ക്കും. ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമുള്ള 3 കോഴിയും 5 കിലോ തീറ്റയും 25/- രൂപയുടെ മരുന്നും സൗജന്യമായി ലഭിക്കുന്നു. ഗുണഭോക്താക്കളിൽ 70% പേർ ബി.പി.എൽ-ഉം 30% പേർ എ.പി.എൽ - ഉം ആണ്. |
| (ബി) | എത്ര ഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ബി) | 42 പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കാസർകോട് ജില്ലയിൽ ഏതെല്ലാം ഗ്രാമങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) | കാസർകോട് ജില്ലയിൽ നിന്നുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | പദ്ധതിയിൽ പുതുതായി ഗ്രാമങ്ങളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ